(സി) ബസ്സുകളുടെ അമിത വേഗത നിയന്ത്രിക്കുന്നതിന് ബസ്സുകളിൽ 1-9-2003 മുതൽ സ്പീഡ് ഗവർണർ ഘടിപ്പിയ്ക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

ഐ. ടി. ഐ. കോഴ്സുകളും സിലബസ്സും പരിഷ്ക്കരിക്കാൻ നടപടി

*8 [908] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ നടത്തുന്ന കോഴ്സുകളും അവയുടെ സിലബസ്സുകളും പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി കൂടുതൽ കോഴ്സുകൾ ഉൾപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇതിനെക്കുറിച്ച് പഠിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ഏതെങ്കിലും കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇല്ലെങ്കിൽ ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ജി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പത്താം പഞ്ചവത്സര പദ്ധതിക്കാലത്ത് സംസ്ഥാന സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുത്താതെ കൂടുതൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇതിനായി ഐ.ടി.ഐ.-കളിൽ അപ്രചാരമായതും തൊഴിൽ സാധ്യത കുറഞ്ഞതുമായ ട്രേഡുകളുടെ ഏതാനും യൂണിറ്റുകൾ കുറവ് ചെയ്ത് പകരം തൊഴിൽ സാധ്യത കൂടിയ ട്രേഡുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇത് സംബന്ധമായി റീവാംബിംഗ് ഓഫ് വൊക്കേഷണൽ ട്രെയിനിംഗ് കോഴ്സ് എന്ന സ്കീം നടപ്പി

LIBRARY ARCHIVES Kerala Legislative Assembly

ലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ അദ്ധ്യയന വർഷം സംസ്ഥാനത്തെ 9 ഐ.ടി.ഐ.കളിലെ വിവിധ ട്രേഡുകളിലായി 15 യൂണിറ്റുകൾ കൂറവ് ചെയ്ത് പകരം പുതിയ ട്രേഡുകളും ഹ്രസ്വകാല കോഴ്സുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.† കൂടാതെ ഡി.ജി.ഇ.ടി. 36 പുതിയ ട്രേഡുകൾ ആവിഷ്ക്കരിക്കുന്നതിൽ സംസ്ഥാനത്തിന് അനുയോജ്യമായ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്.

(ഇ) ഡി. ജി. ഇ. റ്റി. ആവിഷ്ക്കരിച്ചിരിക്കുന്ന 36 ട്രേഡുകളിൽ സംസ്ഥാനത്തെ ഏതൊക്കെ ഐ. ടി. ഐ.-കളിൽ ഏതൊക്കെ ട്രേഡുകൾ നടപ്പിലാക്കുവാൻ സാധിക്കുമെന്ന് ശുപാർശ ചെയ്യാൻ തൊഴിൽ വകുപ്പ് സെക്രട്ടറി ചെയർമാനും വിവിധ വിദഗ്ദ്ധരും അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയും ആയത് കമ്മിറ്റി പരിശോധിച്ചുവരികയും ചെയ്യുന്നു. കൂടാതെ രാജ്യത്ത് നിലവിലുള്ള ട്രെയിനിംഗ് പ്രോഗ്രാം പരിശോധിച്ച് അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ബഹു. കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി ഒരു എക്സ്പെർട്ട് ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തനം പുരോഗമിച്ചുവരുന്നു. അടുത്ത 5 വർഷം മുതൽ 10 വരെ വർഷത്തിനകത്ത് ആവശ്യമായിവരാവുന്ന തൊഴിലവസരങ്ങളെ കുറിച്ച് രാജ്യത്തിനകത്തും പുറത്തും (ഏരിയാവൈസ്, ഇൻസെന്റ് വൈസ്) സർവ്വേ നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ പരിഗണനയിലുണ്ട്. ഇതിനായി നോയിഡായിലെ എഡ്യൂക്കേഷണൽ കൺസൾട്ടന്റ് ഇന്ത്യ ലിമിറ്റഡ് എന്ന ഏജൻസിയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത് പരിശോധിച്ചുവരുന്നു.

(എഫ്) ചോദ്യമുദിക്കുന്നില്ല.

(ജി) ചോദ്യമുദിക്കുന്നില്ല.

വ്യവസായവകുപ്പിന്റെ പദ്ധതികൾ

*9 [909] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വ്യവസായ വകുപ്പ് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിൽ ഇപ്പോൾ ഏതൊക്കെ നിർത്തലാക്കിയെന്നും പുതുതായി ഏതൊക്കെ ആരംഭിച്ചു എന്നും വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly